LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി കുട്ടികൾക്കുള്ള മിൽമയുടെ പാൽവിതരണം

87 (2536) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടികളിലെ കുട്ടികൾക്ക് 'മിൽമ'പാൽ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര അംഗൻവാടികൾക്ക് പാൽ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അംഗൻവാടികളിലെ കുട്ടികൾക്ക് എത്ര പാൽ വീതമാണ് നൽകുന്നത് ; ഇത് പ്രത്യേകം കവറിലാക്കിയിട്ടാണോ നൽകുന്നത് ;

(സി) പാൽ എത്തിക്കുന്നതിന് മിൽമ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ് ; എല്ലാ അംഗൻവാടികളിലും പാൽ എത്തിക്കുന്നുണ്ടോ ;

(ഡി) പാൽ വിതരണം ചെയ്ത വകയിൽ മിൽമയ്ക്ക് ഇതുവരെ സർക്കാരിൽ നിന്ന് ലഭിച്ച സംഖ്യ എത്ര ; മേഖലാ യൂണിയനുകൾക്ക് സംഖ്യ നൽകിയ തീയതി, തുക എന്നിവ വ്യക്തമാക്കാമോ ;

(ഇ) പാൽ നൽകിയ വകയിൽ മിൽമയ്ക്ക് കിട്ടാനുള്ള തുക എത്ര ; ഓരോ മേഖലാ യൂണിയനുകൾക്കും കിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2002 മേയ് മാസം മുതൽ അംഗൻവാടികളിലെ കുട്ടികൾക്ക് മിൽമ പാൽ നൽകുന്നുണ്ട്. 19071 അംഗൻവാടികൾക്കാണ് മിൽമയുടെ ഏജൻസി വഴിയും, ആനന്ദ മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴിയുമാണ് പാൽ ലഭ്യമാക്കുന്നത്.

(ബി) ഒരു കുട്ടിക്ക് 200 മില്ലിലിറ്റർ പാലാണ് നൽകുന്നത്. മിൽമയുടെ ഏജൻസിവഴി നൽകുന്നത് 500 മില്ലിലിറ്റർ പായ്ക്കറ്റായും സംഘങ്ങൾ നൽകുന്നത് നേരിട്ടുമാണ്.

(സി) അംഗൻവാടികളിലെ ജോലിക്കാർ നിർദ്ദിഷ്ട ഏജൻസി/സംഘത്തിൽ എത്തി പാൽ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

(ഡി) പാൽ വിതരണം ചെയ്ത വകയിൽ മിൽമയ്ക്ക് നാളിതുവരെ 14,90,41,000 രൂപ ലഭിച്ചു. മേഖലാ യൂണിയനുകൾക്ക് നൽകിയ തുക താഴെ കൊടുക്കുന്നു. 5-9-2002-ൽ തിരുവനന്തപുരം, എറണാകുളം, മലബാർ യൂണിയനുകൾക്ക് യഥാക്രമം, 50,00,000, 15,00,000, 35,00,000 രൂപയും, 27-9-2002-ൽ 29,00,000, 25,00,000, 46,00,000 രൂപയും, 2-11-2002-ൽ 64,00,000, 48,00,000, 88,00,000 രൂപയും 3-1-2003-ൽ 1,00,00,000, 1,16,00,000, 1,84,00,000 രൂപയും 13-3-2003-ൽ 1,50,00,000, 95,00,000 2,55,00,000, രൂപയും 9-4-2003 ൽ 46,97,000, 43,19,000, 1,00,25,000 രൂപയും നൽകി.

(ഇ) 2003 ജൂൺ 30 വരെ ആകെ 12.50 കോടി രൂപ പാൽ നൽകിയ വകയിൽ മിൽമയ്ക്ക് കിട്ടുവാനുണ്ട്. ഇതിൽ തിരുവനന്തപുരം മേഖലാ യൂണിയന് 4.20 കോടി രൂപയും എറണാകുളം മേഖലാ യൂണിയന് 3.72 കോടി രൂപയും മലബാർ മേഖലാ യൂണിയന് 4.5 കോടി രൂപയും കിട്ടാനുണ്ട്.